# എമ്മാവൂസ്
# വചനദൂത്

**Vol. X Issue :15**




*(മത്തായി: 13 :24-34 )*

ബ്ര. മാത്തുക്കുട്ടി മൂന്നുപീടികയിൽ എം സി ബി എസ്

ഈശോ മിശിഹയിൽ ഏറ്റവും സ്നേഹം നിറഞ്ഞ വൈദീകരെ, പ്രിയ സഹോദരങ്ങളെ

കഥകൾ കേൾക്കാൻ എല്ലാവർക്കും ഒത്തിരി ഇഷ്ടമാണ്. എത്ര നേരം വേണമെങ്കിലും കഥകൾ പറഞ്ഞിരിക്കാനും കേട്ടിരിക്കാനും നാം സമയം ചിലവഴിക്കാറുമുണ്ട്. ഒറ്റ വാക്കിൽ പറഞ്ഞാൽ പല കഥകൾ കോർത്തിണക്കിയ ജീവിതമാണ് നമ്മുടെയൊക്കെ. സുവിശേഷത്തിലൂടെ കണ്ണോടിച്ചാൽ കഥകൾ വഴി ഒരു ജനത്തെ ദൈവത്തിങ്കലേക്കടുപ്പിച്ച ഈശോ മിശിഹായെ നമുക്ക് കാണാൻ സാധിക്കും.

കുരിശിൽ പ്രത്യാശ വച്ച് ഈശോയുടെ രണ്ടാമത്തെ വരവിനെയും അവസാനവിധിയെയും കാത്തിരിക്കാൻ നമ്മെ ഉദ്ബോധിപ്പിക്കുന്ന ഏലിയാ സ്ലീവാ മൂശക്കാലങ്ങളുടെ മൂന്നാമത്തെ ആഴ്ച്ചയിലാണ് നാമായിരിക്കുക. കളകളുടെ ഉപമയിലൂടെ ദൈവരാജ്യത്തെ സാദൃശ്യപ്പെടുത്തുന്ന തിരുവചന ഭാഗമാണ് നാമിന്ന് വായിച്ചുകേട്ടത്. വി. മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായം ദൈവരാജ്യത്തെ സാദൃശ്യപ്പെടുത്തുവാനുള്ള ഉപമകൾ കൊണ്ട് സമ്പന്നമാണ്. വയലിൽ നല്ല വിത്ത് വിതച്ച മനുഷ്യനോടും, വയലിൽ വിതച്ച കടുകുമണിമയാണ് ഇന്നത്തെ നമ്മുടെ വിചിന്തന ഭാഗം.

പ്രധാനമായും മൂന്ന് വ്യക്തികളുടെ വ്യത്യസ്തങ്ങളായ കാഴ്ച്ചപ്പാടുകളെയാണ് വചനം നമുക്ക് പരിചയപ്പെടുത്തുന്നത്. നല്ല വിത്തു വിതക്കുന്ന യജമാനനെയും കളകൾ വാരിയെടുക്കുന്ന ശത്രുവിനെയും കാവലിരിക്കുന്ന വേലക്കാരെയും സുവിശേഷം പരിചയപ്പെടുത്തുന്നു. ഈ മൂന്ന് വ്യക്തികളിലൂടെയും മൂന്ന് കാര്യങ്ങളാണ് സഭ നമ്മളെ ഓർമ്മപ്പെടുത്തുക. ഒന്നാമതായി കാത്തിരിപ്പിന്റെ കഥ പറയുന്ന ഒരു ഭാഗമാണിത്.

ഏറെ നാളത്തെ കഷ്ട്ടപ്പാടിനും അദ്ധ്വാനത്തിനും ശേഷം ഏറെ പ്രതീക്ഷയോടെ വയലിൽ വിത്ത് വിതക്കുന്ന യജമാനൻ. വയലിൽ വളർന്ന് തുടങ്ങിയ ഗോതമ്പുചെടികൾക്കുള്ളിൽ തന്റെ സ്വപ്നങ്ങളുടെ ഇതൾ വിരിയാൻ അവൻ കാത്തിരുന്നു. പക്ഷേ പ്രതിക്ഷകളെയെല്ലാം തകിടം മറിക്കുന്ന കാഴ്ച്ചകളാണ് അവന് കാണാൻ സാധിച്ചത്. യജമാനനൊപ്പം വിത്ത് വിതച്ച വിതക്കാരനും കാവൽ ഇരുന്ന കാവൽക്കാരനും വന്ന് ഒരേ ചോദ്യം തന്നെ ചോദിച്ചു. യജമാനനെ അങ്ങ് വയലിൽ നല്ല വിത്ത് അല്ലെ വിതച്ചത് പിന്നെ എവിടെ നിന്നാണ് കളകൾ വന്നത്. പക്ഷേ ഗോതമ്പുചെടികൾക്കിടയിൽ വളർന്ന് പൊങ്ങിയ കള

കൾ യജമാനനെ ഒട്ടും തളർത്തിയില്ല കൊയ്ത്തുവരെ കാത്തിരക്കാൻ തിരുമാനിച്ചു. കാത്തിരിപ്പ് ഇന്നത്തെ ലോകത്തിന് ഏറെ ആവശ്യമായ ഒന്നാണ്. കാത്തിരിപ്പ് പ്രതീക്ഷയോടെയാകുമ്പോൾ അവയ്ക്ക് അർത്ഥമുണ്ടാകുന്നു. കാത്തിരിപ്പ് ചിലപ്പോൾ നല്ലതിനെ ചീത്തയും ധാർമ്മികതയെ അധർകതയുമാക്കി മാറ്റിയെക്കാം. അതുകൊണ്ട് ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ ക്ഷമാപൂർവ്വം കാത്തിരിക്കുവാൻ കരുണയുണ്ടാകണം. കാത്തിരിപ്പ് ജീവിതത്തിൽ കുടുതൽ സന്തോഷം നൽകും. നമുക്കായി കാത്തിരിക്കുന്ന ഒരു ദൈവമുണ്ട്. തന്നിൽ നിന്നും അകന്നു പോയ ധൂർത്തപുത്രനു വേണ്ടി കാത്തിരിക്കുന്ന ദൈവം, തന്റെ വിരുന്നു ശാലയിലേക്ക് ക്ഷണിച്ചിട്ടും വരാതിരുന്നവർക്കായി ദാസനെ അയച്ച് വീണ്ടും കാത്തിരിക്കുന്ന ദൈവം. ദൈവം തന്നെയാകട്ടെ കാത്തിരിപ്പിനു മാതൃക.

രണ്ടാമതായി നന്മയും തിന്മയും തിരിച്ചറിഞ്ഞ് ജീവിക്കുവാൻ ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ആധുനിക സംസ്കാരത്തിൽ നന്മയേതാണ് തിന്മയേതാണ് ധാർമ്മികതയേതാണ്, അധാർമ്മികതയേതാണ്, ശത്രുവാരാണ്, മിത്രമാരാണ് എന്നൊക്കെ തിരിച്ചറിയാൻ നാം കുടുതൽ ജാഗരുകത കാട്ടണം. ഡ്യുപ്പുകളും ഡ്യൂപ്പ്ളിക്കേറ്റുകളും ഇന്ന് യാഥാർത്ഥ്യത്തെ വരെ  വെല്ലുന്നു. നന്മയാണോ തിന്മയാണോ എന്ന് തിരിച്ചറിയാനുള്ള വിവേകംപോലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. ഉണർന്നിരിക്കേണ്ട കാവൽക്കരുടെ കണ്ണിൽ അന്ധകാരത്തിന്റെ കറുപ്പ് പടർത്തിയിട്ടാണ് ശത്രുവന്ന് വയലിൽ കളകൾ വിതച്ചു കടന്ന് കളയുന്നത്. വൈരുദ്ധ്യങ്ങളാണ് തെറ്റും ശരിയും തിരിച്ചറിയുന്നതിൽ നിന്ന് നമ്മെ പിറകോട്ട് വലിക്കുന്നത്. സത്യവും അസത്യവും ഒരേ നാവിൽ നിന്നു പുറപ്പെട്ടാൽ  നന്മയും തിന്മയും പ്രതിഫലിച്ചാൽ ഏതാണ് നാം സ്വീകരിക്കേണ്ടത്. അതിനാൽ നമുക്ക് കൂടുതൽ ജാഗരൂകത ഉണ്ടായിരിക്കണം. കാരണം വി. പത്രോസ്ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു, നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ. നിങ്ങളുടെ ശത്രുവായ പിശാച് ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ച് ചുറ്റിനടക്കുന്നു. സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കിയുള്ള നമ്മുടെ ജീവിതയാത്രയിൽ നമ്മുടെ ജീവിതത്തിൽ നിരവധി പ്രതിസന്ധികളുണ്ടാകും. പക്ഷേ വചനത്തെ കൂട്ടുപിടിച്ച് പ്രതിസന്ധികളെ നേരിട്ട് നന്മയെ മുറുകെ പിടിച്ച് ജീവിച്ചാൽ കളകളെ തരണം ചെയ്ത് കൊയ്ത്തിന് ശേഷം യജമാനന്റെ അറപ്പുരയിൽ ഇടം നേടാൻ സാധിക്കും. കുമ്പസാരവും കൂദാശകളും അടിച്ചമർത്തലുകളാണെന്ന് ആക്രോശിക്കുന്നവരും ദൈവവും വിശ്വാസവും നേരമ്പോക്കുകളാണെന്ന് വിമർശിക്കുന്നവരും നമുക്ക് ചുറ്റുമുണ്ടാകും അവരുടെ ദുഷ്ചിന്തകളെ തിരിച്ചറിയാൻ, നന്മയെ തിരിച്ചറിയാൻ ജാഗരൂകതയോടെ നമുക്ക് ഉണർന്നിരിക്കാം.

മൂന്നാമതായി പിഴുതെറിയുവാനും വിധിക്കുവാനും നമുക്ക് യാതൊരു അവകാശവുമില്ലായെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നവയെ പിഴുതെറിയാൻ വെമ്പൽ കൊള്ളുന്ന ഒരു സമുഹത്തിലാണ് നാമിന്നു ജീവിക്കുന്നത്. ജന്മം നൽകി വളർത്തിയ മാതാപിതാക്കൾ ഇന്ന് പല മക്കൾക്കും ഭാരമാണ്. പത്ത് മാസം വയറ്റിൽ ചുമന്ന് നൊന്തുപ്രസവിച്ചതിന്റെ നന്ദി പോലും കാണിക്കാതെ സ്വന്തം സുഖസൗകര്യങ്ങൾക്ക് വേണ്ടി മാതാപിതാക്കളെ പിഴുതെറിയുന്നവർ.  ആഗ്രഹിച്ച കാമുകനൊത്ത് ജീവിക്കാൻ വേണ്ടി ഒരു ഭയവും കാണിക്കാതെ ഭർത്താവിന്റെ ജീവനെ പിഴുതെറിയുന്നവർ... ലോകം ഇന്ന് പിഴുതെറിയൽ സംസ്കാരത്തിൽ വീണുപോയിരിക്കുന്നു. നമ്മുടെയൊക്കെ ജിവിതത്തിൻ പിഴുതെറിയൽ അധികമാകുമ്പോൾ പിഴുതെറിയപ്പെടുന്നതിനോപ്പം നമ്മുടെ  നല്ല നൻമകൾ...  നല്ല ചിന്തകൾ... നമ്മുടെ നല്ല ബന്ധങ്ങൾ ഇവയൊക്കെ നഷ്ടപ്പെട്ടുന്നു വരാം അതുകൊണ്ടാണ് യജമാനൻ പറയുന്നത് പിഴുതെറിയാൻ വരട്ടെ അത് ചിലപ്പോൾ ഗോതമ്പുചെടികളെയും നശിപ്പിച്ചേക്കാം. ഇവിടെ വേലക്കാർ നേരത്തെ തന്നെ വിധി നടപ്പിലാക്കാൻ തയ്യാറാകുന്ന കാഴ്ച്ച നമുക്ക് കാണാൻ സാധിക്കും. പലപ്പോഴും ഈ വേലക്കാരെ പോലെയാണ് നമ്മളും കാത്തിരിക്കൻ ക്ഷമയില്ലതെ വരുമ്പോൾ വിധിപ്രസ്താവിക്കാൻ നമുക്ക് തിടുക്കമാകും. അല്ലെങ്കിലും അപരനെ വിധിക്കാൻ നമുക്ക് എന്ത് അധികാരമാണ് ഉള്ളത്. അവസാന വിധിനാളിൽ ക്രിസ്തുവരുമ്പേൾ അവൻ വിധിച്ചുകൊള്ളും പിഴുതുമാറ്റണ്ടവയെ അവൻ പിഴുതുമാറ്റിക്കൊള്ളും അതിനാൽ മറ്റുള്ളവരുടെ പ്രവർത്തികൾ നോക്കി വിധിക്കാതിരിക്കാൻ നമുക്ക് പ്രത്യേകം ശ്രദ്ധിക്കാം. കാരണമെന്തെന്നു ചോദിച്ചാൽ സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും അംശങ്ങളുണ്ട് ഏറ്റവും മോശപ്പെട്ട വ്യക്തിയിലും ഏറ്റവും നല്ല വ്യക്തിയിലും. ആരെയും വിധിക്കാതിരിക്കാൻ നമുക്കാകട്ടെ.

നമ്മുടെ ജീവിതത്തിലെ പിഴുതെറിയലുകളെ നമുക്കവസാനിപ്പിക്കാം. വിധിപറച്ചിലുകളെ അകറ്റി നിർത്താം ഇങ്ങനെ നന്മ നിറഞ്ഞ ഹൃദയത്തോടെ എല്ലാറ്റിനെയും കാത്തിരിക്കാൻ നമുക്കാവട്ടെ. കാത്താരിക്കാൻ ആരെങ്കിലുമൊക്കെ ഉണ്ടെങ്കിൽ നമ്മുടെ ജീവിതത്തിനും അർഥമുണ്ടാകും. നമ്മുടെ കാത്തിരിപ്പിനെ ദൈവം അനുഗ്രഹിക്കട്ടെ നിത്യം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ...